**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3591** **05-08-2021 - ൽ മറുപടിയ്ക്ക്**

**മാമ്പറ്റയിലെ കയർ ഡി ഫൈബറിംഗ് യൂണിറ്റിന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കയർ ബോർഡിനു കീഴിൽ മുക്കം മാമ്പറ്റയിൽ പ്രവർത്തിക്കുന്ന കയർ ഡി ഫൈബറിംഗ് യൂണിറ്റ് പ്രവർത്തിക്കാത്തതിന്റെ കാരണം വിശദമാക്കുമോ; | (എ) | കയർഫെഡിനു കീഴിലുള്ള മാമ്പറ്റ വെസ്റ്റ് ഡീഫൈബറിംഗ് യൂണിറ്റിലെ മെഷീനറികൾ 2000 ലാണ് സ്ഥാപിച്ചത്. ആദ്യഘട്ടത്തിൽ 10000 തൊണ്ട് അടിക്കുന്ന മെഷീനുകളാണ് ഉണ്ടായിരുന്നത്. കാലപഴക്കം കാരണം പലപ്പോഴായി മെഷീനുകൾക്ക് കേടുപാടുകൾ സംഭവിക്കുകയും 1000 തൊണ്ട് മാത്രം അടിയ്ക്കാവുന്ന അവസ്ഥയിലേയ്ക്ക് എത്തുകയും ചെയ്തു. തുടർന്ന് യൂണിറ്റ് വൻ നഷ്ടത്തിലേയ്ക്ക് പോയതിന്റെ അടിസ്ഥാനത്തിൽ കയർഫെഡിന്റെ നിർദ്ദേശപ്രകാരമാണ് യൂണിറ്റിന്റെ പ്രവർത്തനം നിർത്തലാക്കിയത്. |
| (ബി) | പ്രസ്തുത യൂണിറ്റ് പ്രവർത്തിപ്പിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ? | (ബി) | പ്രസ്തുത യൂണിറ്റിന്റെ നവീകരണത്തിനായി 01.07.2021 ലെ സ.ഉ(സാധാ)670/2021/വ്യവ പ്രകാരം 23.50 ലക്ഷം രൂപയുടെ പദ്ധതിക്ക് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ